പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2765** **06-11-2019 ൽ മറുപടി**

**കോങ്ങാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ.കെ.കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | 2019-20 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പ് മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ ; | (എ) & (ബി) | ജലസേചന വകുപ്പിനു കീഴിൽ ടി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം താഴെ കൊടുത്തിരിക്കുന്നു. |

| ക്രമ നം | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | പാലക്കാട് ജില്ല കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത് പൂഞ്ചോല പുഴയിൽ മേൽപ്പാടം വിയറിലെ മണ്ണു നീക്കം ചെയ്യുന്ന പ്രവൃത്തി | 1.5 | പ്രവൃത്തി പുരോഗമിക്കുന്നു |
| 2 | പാലക്കാട് ജില്ല കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത് പൂഞ്ചോല ഡൈവേർഷൻ സ്കീമിലെ മാന്തോണി U.T റിപ്പയർ | 25 | പ്രവൃത്തി പുരോഗമിക്കുന്നു |
| 3 | പാലക്കാട് ജില്ല കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത് രായത്തുരിത്തോട് ബണ്ട് റിപ്പയർ | 9.6 | പ്രവൃത്തി പുരോഗമിക്കുന്നു |
| 4 | പാലക്കാട് ജില്ല കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത് പാമ്പൻതോട് ഹെഡ് ഡൈവേർഷൻ സ്കീമിലെ പാമ്പൻതോട് കനാലിന്റെ റിപ്പയർ | 4.5 | പ്രവൃത്തി പുരോഗമിക്കുന്നു |

കേരള വാട്ടർ അതോറിറ്റിയിൽ 2019-20 സാമ്പത്തിക വർഷത്തിൽ കോങ്ങാട് മണ്ഡലത്തിൽ പുതിയ പ്രവൃത്തികൾക്കൊന്നും ഭരണാനുമതി ലഭിച്ചിട്ടില്ല.

കിഫ്ബി 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട്-കരിമ്പ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള

സമഗ്ര കടിവെള്ള പദ്ധതിക്കായി (ഒന്നാംഘട്ടം) 12.11.2018 ൽ 2830 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ സ്രോതസ്സായ കാഞ്ഞിരപ്പുഴ ഡാമിനടുത്ത് 12 എം.എൽ.ഡി. ജലശുദ്ധീകരണശാലയും, റോ വാട്ടർ പമ്പ് ഹൗസ്, 450 എം.എം. വ്യാസമുള്ള റോ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ദർഘാസ് ക്ഷണിച്ച് കരാറുകാരനുമായി കരാർ ഒപ്പുവെച്ചിട്ടുണ്ട് .

ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി മങ്കര, പറളി ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മങ്കര ഗ്രാമപഞ്ചായത്തിലെ വലിയ കുടിവെള്ള പദ്ധതിയിലൂടെ 1001 കുടുംബങ്ങൾക്ക് ജലവിതരണം നടത്തി വരുന്നു. പറളി ഗ്രാമപഞ്ചായത്തിൽ 27 പദ്ധതികളിലൂടെ 3452 കുടുംബങ്ങൾക്ക് ജലവിതരണം നടത്തി വരുന്നു.

മേൽപ്പറഞ്ഞവ കൂടാതെ ഒന്നാം ഘട്ടത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകളിലെ പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഉള്ള സുസ്ഥിരതാ പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) ഓരോ പദ്ധതിയ്ക്കും വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ജലനിധി രണ്ടാംഘട്ടത്തിൽ പൂർത്തിയാക്കിയ മങ്കര, പറളി പഞ്ചായത്തുകളിലെ പദ്ധതികളുടെ അടങ്കൽ തുക താഴെ കൊടുക്കുന്നു.

മങ്കര – 4.475 കോടി

പറളി – 17.480 കോടി

സുസ്ഥിരതാ പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ള കോങ്ങാട് ഗ്രാമപഞ്ചായത്തിലെ 9 ജലനിധി പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നം. | ജലനിധി സ്കീമിന്റെ പേര് | തുക | പ്രവൃത്തി സംബന്ധിച്ച് നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ആറ്റക്കാട് | 366275 | പ്രവൃത്തികൾ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | 2 | ജലപ്രിയ | 346725 | ക്ക് സാങ്കേതിക അനുമതി നൽകി ആദ്യ ഗഡു തുക പഞ്ചായത്തുകൾക്ക് നൽകി. ദർഘാസ് നടപടി ആരംഭിച്ചു. | |
| | | | | 3 | കസ്തൂർബ | 565000 | | |
| | | | | 4 | യുവജന | 462875 | | |
| | | | | 5 | മഹാത്മാഗാന്ധി | 1100000 | | |
| | | | | 6 | അക്ഷയ | 662000 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. | |
| | | | | 7 | അമൃത | 673000 | | |
| | | | | 8 | ജനപ്രിയ | 713000 | | |
| | | | | 9 | പെരിങ്ങോട് സൗപർണ്ണിക | 633000 | | |

സെക്ഷൻ ഓഫീസർ